# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **06.02.2019-ൽ മറുപടിക്ക്**
**നമ്പർ.1920**

**<u>അസിസ്റ്റന്റ് പ്രൊഫസർ (ഐ ടി ) നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ്</u>**

**<u>ചോദ്യം</u>**

**ശ്രീ. പി.ഉണ്ണി**

**<u>ഉത്തരം</u>**

**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇൻഫർമേഷൻ ടെക്നോളജി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർമാരുടെ ഒഴിവുകൾ നികത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്തെ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലെ ഐ ടി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർമാരുടെ അഞ്ച് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ 2013 ൽ ഐ ടി വിഭാഗത്തിൽ തന്നെ ഏഴ് തസ്തികകൾ downgrade ചെയ്തിട്ടുണ്ട്. അത് ഈ വിഭാഗത്തിലെ ഒൻപത് അസോസിയേറ്റ് പ്രൊഫസറുടെയും മൂന്ന് പ്രൊഫസറുടെയും ഒഴിവുകൾ പ്രൊമോഷനിലൂടെ നികത്തുന്ന മുറയ്ക്ക് ക്രമീകരിക്കപ്പെടുന്നതാണ്. കൂടാതെ ഈ വിഭാഗത്തിൽ അഞ്ച് അസിസ്റ്റന്റ് പ്രൊഫസർമാർ ശൂന്യവേതനാവധിയിലും ഒരാൾ അന്യത്ര സേവനത്തിലുമാണ്. ഇവർ സർവ്വീസിൽ പുനഃപ്രവേശനം ആവശ്യപ്പെടുമ്പോൾ നിയമനം നൽകാൻ ഒഴിവുകൾ ആവശ്യമാണ്. |
| (ബി) | എഞ്ചിനീയറിംഗ് കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ (ഐ ടി ) നിയമനത്തിനായി നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് എത്രപേർക്ക് നിയമനം നൽകുകയുണ്ടായി; എത്ര പേർക്ക് ഇനിയും നിയമനം നൽകുവാൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ? | (ബി) | നിലവിലുള്ള റാങ്ക് പട്ടികയിൽ നിന്നും നിയമന ശിപാർശ നൽകുന്നതിനായി ഒഴിവുകൾ ഒന്നും തന്നെ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ